**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 32 25-04-2017 ൽ മറുപടിക്ക്**

## മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവുകൾ എത്ര ദിവസത്തിനകം പുറത്തിറക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (എ) കേരളാ സെക്രട്ടറിയേറ്റ് മാന്വൽ ഖണ്ഡിക 190 (ix) ൽ മന്ത്രിസഭായോഗതീരുമാനം ബന്ധപ്പെട്ട സെക്രട്ടറിക്ക് ലഭിച്ചാൽ അന്നുതന്നെ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മന്ത്രിസഭായോഗ തീരുമാനത്തിൻമേലുള്ള ഉത്തരവ് തീരുമാനം ലഭിച്ച് 48 മണിക്കൂറിനകം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (ബി) മന്ത്രിസഭാതീരുമാനങ്ങൾ സംബന്ധിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് പലപ്പോഴും കാലതാമസം ഉണ്ടാകുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (ബി) നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ അത്തരം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള മന്ത്രിസഭാ തീരുമാനങ്ങളിൽ ഇനിയും ഉത്തരവ് പുറത്തിറക്കാത്തവ എത്രയെണ്ണം; വിശദാംശം ലഭ്യമാക്കുമോ; | (സി) ഈ സർക്കാർ അധികാരമേറ്റ 25-05-2016 മുതൽ 11-04-2017 വരെ നടന്ന 52 മന്ത്രിസഭായോഗങ്ങളിലായി 912 തീരുമാനങ്ങൾ എടുത്തിരുന്നു. അതിൽ ഇനിയും ഉത്തരവ് പുറപ്പെടുവിക്കാത്തവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) മന്ത്രിസഭാ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ചില മന്ത്രിസഭായോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി മുൻപ് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ മന്ത്രിസഭാ തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന കാര്യം വ്യക്തിപരമായി നിരീക്ഷിച്ച് ഉറപ്പുവരുത്താൻ അപ്പോൾ എല്ലാ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 25.05.2016 മുതൽ 11-04-2017 വരെ നടന്ന മന്ത്രിസഭായോഗങ്ങളിൽ എടുത്ത തീരുമാനങ്ങളിൽ ഇനിയും ഉത്തരവ് പുറത്തിറക്കാത്തവയുടെ വിശദാംശങ്ങൾ

| ക്രമ നം | തീയതി | തീരുമാനം |
|---|---|---|
| 1. | 20-07-2016 | പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ് - സൈനിക അർദ്ധ സൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് സഹായം നൽകുന്നത് |
| 2. | 27-07-2016 | മൽസ്യബന്ധന തുറമുഖ വകുപ്പ് പ്രകൃതി ദുരന്തങ്ങളിൽ വള്ളം വല തുടങ്ങിയ മൽസ്യബന്ധനോപാധികൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം കണക്കാക്കി നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി |
| 3. | 10-08-2016 | സഹകരണ വകുപ്പ് – സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭർത്താവ് മരിച്ച സ്ത്രീകൾക്ക് 10 വയസ് ഇളവനുവദിക്കുന്നത് 5 വർഷത്തെ ഇളവനുവദിക്കാൻ തീരുമാനിച്ചു ഇതുപോലെ സർക്കാർ സർവ്വീസിലും ഭർത്താവ് മരിച്ച സ്ത്രീകൾക്ക് 5 വർഷത്തെ ഇളവനുവദിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു |
| 4. | 31-08-2016 | ആഭ്യന്തര വകുപ്പ് ജയിലുകൾ 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിലെ സെക്ഷൻ 78(2) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് |
| 5. | 20-09-2016 | തൊഴിലും നൈപുണ്യവും വകുപ്പ് - സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെ 1947-ലെ വ്യാവസായിക തർക്ക നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നിയമ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബില്ല് അംഗീകരിക്കുന്നത്. |
| 6. | 04-10-2016 | റവന്യൂ വകുപ്പ് - 'ബോർഡ് ഓഫ് റവന്യൂ' എന്നത് 'ലാന്റ് റവന്യൂ കമ്മീഷണർ' എന്നാക്കി മാറ്റുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ റിവിഷണൽ അധികാരത്തിനെതിരെ സ്വമേധയാ സർക്കാരിന് റിവിഷണൽ അധികാരം നിക്ഷിപ്തമാക്കുന്ന 2016-ലെ കേരള സർക്കാർ ഭൂമി പതിവ് (ഭേദഗതി) ബിൽ അംഗീകരിക്കുന്നതും. |
| 7. | 19-10-2016 | തൊഴിലും നൈപുണ്യവും വകുപ്പ് - 1948-ലെ മിനിമം വേതന നിയമത്തിലെ സെക്ഷൻ 20(1), 20(5), 22 എന്നിവയിൽ ഒരു ഭേദഗതി വരുത്തുന്നതിനുള്ള ബിൽ |
| 8. | 26-10-2016 | വ്യവസായ വകുപ്പ് - 1970-ലെ KPSC (Additional functions as respects certain corporation and companies) ആക്ടിൽ ഭേദഗതി ചെയ്ത് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭാവി നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊടുക്കാനുള്ള കരട് ബില്ല് അംഗീകരിക്കുന്നത് |
| 9. | 17-11-2016 | നിയമ വകുപ്പ് - നിയമ പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ |

| | | |
|---|---|---|
| | | കാലഹരണപ്പെട്ടതായി കമ്മീഷൻ കണ്ടെത്തിയ നിയമങ്ങൾ റദ്ദാക്കുന്നതിന് വേണ്ടിയുള്ള '2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ' അംഗീകരിക്കുന്നത്. |
| 10. | 23-11-2016 | റവന്യൂ വകുപ്പ് - തിരുപ്പുവാരം കൊടുക്കൽ (നിർത്തലാക്കൽ) ആക്ട് ഭേദഗതി ബിൽ 2016 - അംഗീകാരം |
| 11. | 30-11-2016 | പൊതു വിദ്യാഭ്യാസ വകുപ്പ് - സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം, സ്കൂളുകളിലെ തസ്തിക നിർണ്ണയം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത്. |
| 12. | 14-12-2016 | റവന്യൂ വകുപ്പ് - ശ്രീ. പണ്ടാരവക ഭൂമി (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ, 2016 - 'സെക്ഷൻ 6എ' കൂട്ടിച്ചേർക്കുന്നത്. |
| 13. | 14-12-2016 | പൊതുമരാമത്ത് വകുപ്പ് - മട്ടാഞ്ചേരി ബി.ഒ.റ്റി. പാലത്തിന്റെ ടോൾ പിരിവിനത്തിൽ M/s.ഗാമൺ ഇന്ത്യാ ലിമിറ്റഡിന് നഷ്ടപരിഹാരം നൽകുന്നത്. |
| 14. | 28-12-2016 | ആഭ്യന്തര വകുപ്പ് - ജയിലുകൾ - വജ്രകേരളം - സംസ്ഥാന രൂപീകരണത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് തടവുകാർക്കുള്ള പ്രത്യേക ശിക്ഷായിളവ്. |
| 15. | 28-12-2016 | ആഭ്യന്തര വകുപ്പ് - ജയിലുകൾ - കണ്ണൂർ സെൻട്രൽ ജയിൽ ഉപദേശക സമിതിയുടെ ശുപാർശ - തടവുകാരുടെ അകാല വിടുതൽ. |
| 16. | 01-03-2017 | തദ്ദേശ സ്വയംഭരണ വകുപ്പ് - 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ ആന്റ് ഡവലപ്മെന്റ്) ആക്ട് റദ്ദ് ചെയ്യുന്നതിനുള്ള കരട് ബിൽ അംഗീകരിക്കുന്നത്. ഫയൽ |
| 17. | 01-03-2017 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2017-ന്റെ അംഗീകാരം. |
| 18. | 08-03-2017 | ആഭ്യന്തര വകുപ്പ് - ജയിലുകൾ - വിചാരണ തടവുകാരെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം മുഖേന കോടതി മുമ്പാകെ ഹാജരാക്കുന്നതിനായി CrPC 1973 (1974-ലെ കേന്ദ്ര നിയമം)-ൽ 267A എന്ന വകുപ്പ് ഉൾപ്പെടുത്തുന്നത് സംബന്ധിച്ച കരട് CrPC (കേരള ഭേദഗതി) ബിൽ 2017. |
| 19. | 08-03-2017 | തൊഴിലും നൈപുണ്യവും വകുപ്പ് - 1991-ലെ കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ലയിപ്പിക്കുന്നത്. |
| 20. | 08-03-2017 | തൊഴിലും നൈപുണ്യവും വകുപ്പ് - 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ) ഹോളീഡെയ്സ് നിയമം ഭേദഗതി - കരട് ബിൽ 2017 അംഗീകരിക്കുന്നത |

| | | |
|---|---|---|
| 21 | 08-03-2017 | നിയമ വകുപ്പ് - കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ചേർത്തു കൊ് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിന്റെ 10-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത്. |
| 22. | 29-03-2017 | നികുതി വകുപ്പ് - പെരുവണ്ണാമൂഴി Small Hydro Electric Project സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കുന്നത |
| 23. | 29-03-2017 | തൊഴിലും നൈപുണ്യവും വകുപ്പ് - 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ 2-ാം വകുപ്പിന്റെ 'എം' ഖണ്ഡികയിൽ (ii)-ാം ഉപഖണ്ഡികയിലും 3-ാം വകുപ്പിന് ശേഷം 5 ഉപവകുപ്പുകൾ 3എ ആയും ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്നത്. |
| 24. | 05-04-2017 | വ്യവസായ വകുപ്പ് - ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് - വ്യവസായ അനുകൂല അന്തരീക്ഷം സംസ്ഥാനത്ത് സംജാതമാക്കാനും അതുവഴി നിക്ഷേപം വളർത്താനുമായി നിലവിലുള്ള നിയമങ്ങൾ/ ചട്ടങ്ങൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തി കൊണ്ട് നടപടിക്രമങ്ങൾ ലളിതവും വേഗത്തിലും ആക്കുന്നതിനായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്' എന്ന പേരിൽ നിയമങ്ങൾ ഏകീകരിക്കുന്നത് |
| 25 | 05-04-2017 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിൽ വരുന്ന കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം |
| 26. | 05-04-2017 | തൊഴിലും നൈപുണ്യവും വകുപ്പ് - 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്. |

സെക്ഷൻ ഓഫീസർ